# A

**25120** **120 MINUTES**

1. 'നാടകം കണ്ണിന്റെ കല' എന്ന കൃതി എഴുതിയതാര്?
   A) എൻ.കൃഷ്ണപിള്ള B) ടി.പി.സുകുമാരൻ
   C) തിക്കോടിയൻ D) എൻ.എൻ.പിള്ള

2. 'ആധുനികത നമ്മുടെ മുമ്പിൽ വീണുകിടക്കുന്ന നമ്മുടെതന്നെ നിഴലാണ്' എന്നു പറഞ്ഞത്:
   A) കാക്കനാടൻ B) സക്കറിയ
   C) കെ.പി.അപ്പൻ D) എം.മുകുന്ദൻ

3. ജി. വിവേകാനന്ദന് കേരള സാഹിത്യ അക്കാദമി പുരസ്കാരം നേടിക്കൊടുത്ത നോവൽ ഏത്?
   A) കള്ള് B) കള്ളിച്ചെല്ലമ്മ C) ശ്രുതിഭംഗം D) ഹിമമനുഷ്യൻ

4. 'മർത്ത്യസൗന്ദര്യ ബോധങ്ങൾ പെറ്റ
   മക്കളല്ലീ പുരോഗമനങ്ങൾ' വരികൾ എഴുതിയത്:
   A) വൈലോപ്പിള്ളി ശ്രീധരമേനോൻ
   B) ഇടശ്ശേരി ഗോവിന്ദൻനായർ
   C) വയലാർ രാമവർമ്മ
   D) തിരുനല്ലൂർ കരുണാകരൻ

5. 'ചാറ്റൽമഴയിലെ ഏകാകി' എന്ന കഥ എഴുതിയതാര്?
   A) എൻ.പ്രഭാകരൻ B) ബി.മുരളി
   C) ജി.ആർ.ഇന്ദുഗോപൻ D) ഇ.പി.ശ്രീകുമാർ

6. അരിസ്റ്റോട്ടിൽ സ്ഥാപിച്ച വിദ്യാലയം:
   A) ലൈസിയം B) അക്കാദമി C) അസൈലം D) കൊളോസിയം

7. 'നാ നൃഷിഃ കവിഃ' എന്നു പറഞ്ഞതാര്?
   A) ഭട്ടതൗതൻ B) ഭാമഹൻ C) മമ്മടൻ D) വിശ്വനാഥൻ

8. 'ഉതുപ്പാന്റെ കുന്ന്' എന്ന കഥ എഴുതിയത് ആര്?
   A) ആർ.ഉണ്ണി B) കാരൂർ
   C) അഷിത D) അംബികാസുതൻ മാങ്ങാട്

9. ചങ്ങമ്പുഴ എഴുതിയ 'കാളിദാസൻ' എന്ന കവിത ഏതു സമാഹാരത്തിലാണ് ഉൾപ്പെടുന്നത്?
   A) സ്വരരാഗസുധ B) ബാഷ്പാഞ്ജലി
   C) രക്തപുഷ്പങ്ങൾ D) സങ്കൽപകാന്തി

10. താഴെപ്പറയുന്നവയിൽ ഉർവരതാനുഷ്ഠാനം ഏതാണ്?

A) സംഘക്കളി B) കോതാമൂരി C) പൂരക്കളി D) വിൽപാട്ട്

11. 'തീയറ്റർ ഓഫ് ക്രൂവൽറ്റി' ആവിഷ്കരിച്ചതാര്?

A) അന്റോയിൻ അർത്താഡ് B) ഇബ്സൻ

C) ബ്രഹ്ത് D) സാമുവൽ ബെക്കറ്റ്

12. 'അനുഭവങ്ങളേ നന്ദി' എന്ന പുസ്തകം ആരുടെ ജീവിതാനുഭവങ്ങളാണ്?

A) തകഴി

B) മലയാറ്റൂർ രാമകൃഷ്ണൻ

C) വൈക്കം ചന്ദ്രശേഖരൻനായർ

D) കെ.സുരേന്ദ്രൻ

13. രാമചരിതത്തിൽനിന്ന് എഴുത്തച്ഛന്റെ കൃതികളിലേക്കുള്ള ഭാഷാസാഹിത്യത്തിന്റെ പരിണാമ പ്രക്രിയയിലെ ഇടത്താവളമാണ് കണ്ണശ്ശകൃതികൾ എന്നഭിപ്രായപ്പെട്ടത്?

A) എൻ.കൃഷ്ണപിള്ള B) കെ.എം.തരകൻ

C) പുതുശ്ശേരി രാമചന്ദ്രൻ D) എം.എം.പുരുഷോത്തമൻ

14. കുമാരനാശാന്റെ കരുണയ്ക്ക് 'compassion' എന്ന പരിഭാഷ തയ്യാറാക്കിയത് ?

A) ആറ്റൂർ രവിവർമ്മ B) കടമ്മനിട്ട രാമകൃഷ്ണൻ

C) തിരുനല്ലൂർ കരുണാകരൻ D) അയ്യപ്പപ്പണിക്കർ

15. 'നല്ലഭാഷ' എന്ന കൃതി എഴുതിയതാര് ?

A) സി.വി.വാസുദേവ ഭട്ടതിരി B) കെ.എം.പ്രഭാകര വാര്യർ

C) പന്മന രാമചന്ദ്രൻ നായർ D) എം.എൻ.കാരശ്ശേരി

16. 'നാളെ സൂര്യോദയം എന്നൊന്നുണ്ടെങ്കിൽ നിന്നെ ദില്ലിയിൽ കണ്ടുപോകരുത്' ഏതു കഥയിലെ പരാമർശമാണിത് ?

A) നൃത്തം B) രാച്ചിയമ്മ C) ഹിഗ്വിറ്റ D) ഡൽഹി

17. ഒറ്റപ്പെട്ട നിൽക്കുന്ന വൃത്തമേത് ?

A) വിയോഗിനി B) ഉൽഗത C) പുഷ്പിതാഗ്ര D) വസന്തമാലിക

18. 'നിങ്ങളെന്നെ കമ്യൂണിസ്റ്റാക്കി' എന്ന നാടകത്തിന് അവതാരിക എഴുതിയത് ആര്?

A) കാമ്പിശ്ശേരി B) സി.ഉണ്ണിരാജ

C) കെ.കേശവൻ പോറ്റി D) എം.എൻ.ഗോവിന്ദൻ നായർ

19. 'സൗന്ദര്യമലങ്കാരഃ' എന്നു പറഞ്ഞതാര്?

A) വാമനൻ B) ഭാമഹൻ C) ദണ്ഡി D) രാജശേഖരൻ

20. കവിതയിൽ കവിവിവക്ഷിതമായ അന്വയം ഘടിക്കാത്തതിനാൽ ഉണ്ടാകുന്ന കാവ്യദോഷം ഏത്?

A) അസ്ഥാനപദം B) സങ്കീർണ്ണം

C) ക്ലിഷ്ടം D) അഭവന്മതയോഗം

21. 'വാസനാവികൃതി' ഒരു അപസർപ്പക കഥയാണെന്ന് പറഞ്ഞത്?

A) വേങ്ങയിൽ കുഞ്ഞിരാമൻ നായനാർ

B) ഉള്ളൂർ

C) സി.പി.അച്യുതമേനോൻ

D) എം.എം.ബഷീർ

22. മലയാളഭാഷാ സൂചകമായി 'മലയാംപച്ച' എന്നപദം പ്രയോഗിച്ചിരിക്കുന്ന കൃതി :

A) ഉണ്ണിയച്ചീചരിതം

B) ബ്രഹ്മാണ്ഡപുരാണം ഗദ്യം

C) ഉദയംപേരൂർ സൂനഹദോസിന്റെ കാനോനകൾ

D) ലീലാതിലകം

23. 'പയ്യന്നൂർ പാട്ടി'ലെ നായിക:

A) കൗണോത്തര B) നാരായണി

C) മാരലേഖ D) നീലകേശി

24. ആധുനികമനുഷ്യന്റെ വിശ്വാസനഷ്ടം പ്രമേയമാകുന്ന 'പേടിത്തൊണ്ടൻ' എന്ന കവിത എഴുതിയത് :

A) കടമ്മനിട്ട രാമകൃഷ്ണൻ B) എം.എൻ. പാലൂർ

C) സച്ചിദാനന്ദൻ D) ആർ.രാമചന്ദ്രൻ

25. ചേരും പടി ചേർക്കുക

| | | | |
|---|---|---|---|
| a. | ഡിഫറാൻസ് | 1. | ദറിദ |
| b. | മാർക്സിസം ആന്റ് ലിറ്ററേച്ചർ | 2. | ഉമ്പർട്ടോ എക്കോ |
| c. | ലാംഗ് | 3. | റെയ്മണ്ട് വില്യംസ് |
| d. | എ തിയറി ഓഫ് സെമിയോട്ടിക്സ് | 4. | ഫെർഡിനാൻഡ് ഡി സസ്യൂർ |

A) a-3, b-4 c-2, d-1 B) a-1, b-3, c-4, d-2

C) a-2, b-1, c-4, d-3 D) a-2, b-3, c-1, d-4

26. ശ്രീമൂലവാസം എന്താണ്?

A) ബുദ്ധമത സങ്കേതം B) ജൈനമത സങ്കേതം

C) പ്രാചീന തുറമുഖം D) വാസയോഗ്യമല്ലാത്ത സ്ഥലം

27. 'ദു:ഖഭാരങ്ങളിറക്കുവാനന്യോന്യ -
മത്താണിയായി നാം'. ഏത് കവിതയിലെ വരിയാണ് ?

A) മമ്മി B) ശാർങ്ഗകപ്പക്ഷികൾ

C) മൃഗശിക്ഷകൻ D) പെരുന്തച്ചൻ

28. "അപ്പോൾ വഴികാട്ടാൻ വേണ്ടി വെള്ളിപ്പറവകൾ മേഘങ്ങളിൽ നിന്ന് ഇറങ്ങി വ്യൂഹം ചമച്ച് മുമ്പേ താഴ്‌വരയിലേക്ക് പറന്നു" ഏത് നോവലാണ് ഇങ്ങനെ അവസാനിക്കുന്നത് ?

A) മധുരം ഗായത്രി B) കയർ

C) ഇനി ഞാൻ ഉറങ്ങട്ടെ D) രണ്ടാമൂഴം

29. ഋഷിമാർക്ക് കഥകളിയിൽ നൽകുന്ന വേഷം:

A) പച്ച B) കരി C) മിനുക്ക് D) കത്തി

30. 'സാഹിത്യത്തിലെ വിഷംതീനികൾ' എന്ന ലേഖനം എഴുതിയതാര്?

A) മുണ്ടശ്ശേരി B) കുട്ടികൃഷ്ണമാരാർ

C) എം.പി.പോൾ D) കേസരി ബാലകൃഷ്ണ പിള്ള

31. കാളിദാസനും കാലത്തിന്റെ ദാസനാണെന്ന് പറഞ്ഞതാര്?

A) ജോസഫ് മുണ്ടശ്ശേരി B) സുകുമാർ അഴിക്കോട്

C) കുട്ടികൃഷ്ണ മാരാർ D) തായാട്ട് ശങ്കരൻ

32. ആശ്രിത രൂപിമത്തിന് ഉദാഹരണം:

A) മല B) കൺ C) ചാ D) കൾ

33. കാറ്റടിച്ചപ്പോൾ മരം വീണു – ഏതു തരം വാക്യം?

A) ലഘുവാക്യം B) സങ്കീർണ്ണവാക്യം

C) മഹാവാക്യം D) നാമവാക്യം

34. 'വിജ്ഞാന ചിന്താമണി' യുടെ പത്രാധിപർ:

A) സിപി. അച്യുതമേനോൻ B) സി.അന്തപ്പായി

C) പുന്നശ്ശേരി നമ്പി D) കെ.ബാലകൃഷ്ണൻ

35. 'ചുവടി' എന്തുമായി ബന്ധപ്പെട്ടതാണ്?

A) പടയണി B) ചവിട്ടുനാടകം C) കൂത്ത് D) കൂടിയാട്ടം

36. 'പ്രച്ഛന്നബുദ്ധൻ' എന്നറിയപ്പെടുന്നത് ആര്?

A) ശ്രീനാരായണ ഗുരു B) ചട്ടമ്പി സ്വാമികൾ

C) ശങ്കരാചാര്യർ D) അയ്യാഗുരു സ്വാമികൾ

37. 'രൂപപഠന'ത്തിന് ഉദാഹരണമായ കൃതി ഏത് ?

A) യയാതി B) പാവവീട് C) കലി D) മധുരം ഗായത്രി

38. വിപ്ലവവും സ്വാതന്ത്ര്യബോധവും പ്രമേയമാകുന്ന 'പൂപ്പരുത്തി' എന്ന കവിത എഴുതിയത്?

A) വിജയലക്ഷ്മി

B) സാവിത്രി രാജീവൻ

C) ഇടശ്ശേരിഗോവിന്ദൻ നായർ

D) വൈലോപ്പിള്ളി ശ്രീധരമേനോൻ

39. 'പ്ലാവിലത്തൊപ്പികൾ' ആരെഴുതിയ കൃതിയാണ്?

A) ജി.ശങ്കരപ്പിള്ള B) പി.എം.താജ്

C) എൻ.എൻ.പിള്ള D) മധുമാസ്റ്റർ

40. 'തിരുനിഴൽമാല' കണ്ടെടുത്ത് പ്രസിദ്ധീകരിച്ചതാര്?

A) ഉള്ളൂർ B) എം.എം.പുരുഷോത്തമൻ

C) പി.കെ.നാരായണപിള്ള D) എസ്.കെ.നായർ

41. മാപ്പിളപ്പാട്ടിലെ ദ്വിതീയാക്ഷര പ്രാസത്തിന് പറയുന്ന പേര്?

A) കമ്പി B) കഴുത്ത്

C) വാലിന്മേൽകമ്പി D) ഇശൽ

42. 'വെള്ളാട്ടം' ഏത് കലയുമായി ബന്ധപ്പെട്ടതാണ്?

A) കൂത്ത് B) കൂടിയാട്ടം C) യാത്രക്കളി D) തെയ്യം

43. പൂരണി തദ്ധിതത്തിന് ഉദാഹരണമേത്?

A) ഒന്നിൽ B) ഒന്നുകിൽ C) ഒന്നാം D) ഒന്നായി

44. ചേരും പടി ചേർക്കുക:

| | | | |
|---|---|---|---|
| a. | അരുവിപ്പുറം പ്രതിഷ്ഠ | 1. | 1903 |
| b. | എസ്.എൻ.ഡി.പി. സ്ഥാപിച്ചത് | 2. | 1888 |
| c. | ആലുവയിലെ സർവമത സമ്മേളനം | 3. | 1925 |
| d. | ഗാന്ധിജിയുമായി കൂടിക്കാഴ്ച | 4. | 1924 |

A) a-3, b-4 c-2, d-1 B) a-1, b-3, c-4, d- 2

C) a-2, b-1, c-4, d-3 D) a-2, b-3, c-1, d -4

45. "ഏട്ടിൽ തറയിൽ അന്നും പെണ്ണുകാണാൻ ആൾ വന്നിട്ടുണ്ട്
ആ മാസത്തിൽ അതു നാലാമത്തെ ആളാണ്". എന്നാരംഭിക്കുന്ന നോവൽ?

A) വിഷകന്യക B) തോട്ടിയുടെ മകൻ

C) ഉമ്മാച്ചു D) രണ്ടിടങ്ങഴി

46. അനുമാന സിദ്ധാന്തത്തിന്റെ പ്രയോക്താവാര്?

A) മഹിമഭട്ടൻ B) ഭട്ടലൊല്ലടൻ
C) ശങ്കുകൻ D) അഭിനവഗുപ്തൻ

47. 'കവിത സത്യത്തിൽ നിന്ന് രണ്ട് മടങ്ങ് അകന്നു നിൽക്കുന്നു' എന്നു പറഞ്ഞതാര്?
A) പ്ലേറ്റോ B) അരിസ്റ്റോട്ടിൽ
C) ലോംഗിനസ് D) ക്രോച്ചേ

48. 'വിവരണാത്മക ഭാഷാശാസ്ത്ര ചിന്തകൾക്ക് തുടക്കം കുറിച്ചതാര്?
A) ലക്കാൻ B) മിഷേൽ ഫൂക്കോ
C) ഴാക് ദറീദ D) ഫെർഡിനാൻഡ് ഡി സസ്യൂർ

49. 'ലിപികളും മാനവസംസ്കാരവും' എന്ന ഗ്രന്ഥം എഴുതിയതാര്?
A) കെ.എ.ജലീൽ B) പി.പവിത്രൻ
C) കെ.പവിത്രൻ D) കെ.എം.ഗോപി

50. 'മീൻ' എന്ന പദത്തിനു സംഭവിച്ച അർത്ഥപരിണാമം എന്ത്?
A) അർത്ഥവിപുലനം B) അർത്ഥാധഃപതനം
C) അർത്ഥസങ്കോചം D) അർത്ഥോന്നതി

51. ഭാരതത്തിലെ ഏറ്റവും പ്രാചീനമായ ലിപി ?
A) വട്ടെഴുത്ത് B) ബ്രാഹ്മി C) കോലെഴുത്ത് D) ഖരോഷ്ഠി

52. കോളനിയനന്തര വിമർശനവുമായി ബന്ധപ്പെട്ട പേര് :
A) ഫ്രാൻസ് ഫാനൻ B) ലൂക്കാച്ച്
C) ഐ.എ.റിച്ചാഡ്സ് D) ടി.എസ്.എലിയട്ട്

53. 'വ്യാകരണമിത്ര'ത്തിന്റെ കർത്താവ് :
A) കോവുണ്ണി നെടുങ്ങാടി B) പാച്ചുമൂത്തത്
C) ശേഷഗിരി പ്രഭു D) ഫാ.ജോൺ കുന്നപ്പള്ളി

54. ശബ്ദത്തെ വെളിയിലേക്ക് വിടുന്നതിന്റെ മാതിരിഭേദത്തിനു പറയുന്നതാണ്:
A) കരണവിഭ്രമം B) സംസർഗം C) പരിമാണം D) അനുപ്രദാനം

55. കേരളപാണിനി സന്ധ്യക്ഷരമായി കണക്കാക്കുന്ന അക്ഷരം:
A) അ B) ഇ C) ഉ D) ഐ

56. 'സംവൃതോകാരം അകാരവുമായി ബന്ധപ്പെട്ടതാണെന്ന് പറഞ്ഞതാര്?
A) ഏ.ആർ.രാജരാജവർമ്മ B) സി.എൽ.ആന്റണി
C) ആറ്റൂർ കൃഷ്ണപ്പിഷാരടി D) ഗുണ്ടർട്ട്

57. 'ഭാഷാകൗടലീയം' ഏതു വിഭാഗത്തിൽ പെടുന്ന കൃതിയാണ്?

A) ഭാഷാപഠനം B) ഭാവകാവ്യം C) ചമ്പു D) രാഷ്ട്രമീമാംസ

58. 'താരതമ്യ സാഹിത്യപഠനം വിശ്വസാഹിത്യപഠനം തന്നെയാണ്' ആരുടെ അഭിപ്രായം:
A) മാത്യൂ അർനോൾഡ് B) ടോൾസ്റ്റോയി
C) വിക്ടർ യൂഗോ D) രവീന്ദ്രനാഥ ടാഗോർ

59. ജഗത് + ഈശൻ – ചേർത്തെഴുതുമ്പോൾ എങ്ങനെയാകും?
A) ജഗതീശൻ B) ജഗത്തീശൻ C) ജഗദീശൻ D) ജഗദ്വീശൻ

60. 'താലികെട്ടു കല്യാണം' പ്രമേയമാകുന്ന കഥ:
A) തേന്മാവ് B) വളർത്തുമൃഗങ്ങൾ
C) ഒരൊറ്റനോക്ക് D) മദിരാശിപിത്തലാട്ടം

61. ശംബം, ശാബകം എന്നത് ഏതു വാക്കിന്റെ പര്യായമാണ് ?
A) യുവാവ് B) കുട്ടി C) വൃദ്ധൻ D) സൈനികൻ

62. സംസ്കാരത്തെ ജീവിതശൈലിയുടെ ആകെ തുക എന്ന് നിർവചിച്ചതാര്?
A) ഇ.പി.തോംസൺ B) മാത്യു ആർനോൾഡ്
C) റെയ്മണ്ട് വില്യംസ് D) അൾത്തൂസർ

63. 'വിവർത്തന വിധേയമല്ലാത്തതിനെ വിവർത്തനം ചെയ്യാനുള്ള പ്രയത്നം ഉപേക്ഷിക്കണം' എന്ന നിർവചനം ആരുടേതാണ് ?
A) ജെ സി കാറ്റ്ഫോർഡ് B) ബെനെഡറ്റ് ക്രോചേ
C) ഹിലായർ ബെല്ലോക്ക് D) മാത്യൂ ആർനോൾഡ്

64. പഞ്ചതന്ത്രത്തിന്റെ അറബി വിവർത്തനം ഏത് പേരിലാണ് അറിയപ്പെടുന്നത് ?
A) കലഹിനീദമനകം B) ദുരന്ത ദുശ്ശങ്ക
C) കലീലദമനകം D) കലീലദമന

65. ഏതു സ്ഥായിഭാവമാണ് ശൃംഗാരം എന്ന രസമായിമാറുന്നത്?
A) ഉൽസാഹം B) രതി C) ക്രോധം D) ശോകം

66. കേരളത്തിലെ ഏറ്റവും പഴയനാണയം:
A) തുലുക്കക്കാശ് B) ആനയച്ച്
C) രാശി D) റോമൻനാണയം

67. ലീലാതിലകകാരൻ പറയുന്ന മണിപ്രവാള ലക്ഷണങ്ങൾ പരിപൂർണ്ണമായും യോജിക്കുന്ന കാവ്യമേത് ?
A) ചന്ദ്രോത്സവം B) വൈശികതന്ത്രം
C) അനന്തപുരംവർണ്ണനം D) ഉണ്ണിയാടീചരിതം

68. 'അദൃശ്യവനങ്ങൾ' ഏത് സാഹിത്യ വിഭാഗത്തിൽപ്പെടുന്നു?

A) പരിസ്ഥിതിലേഖനം B) നോവൽ
C) കഥാസമാഹാരം D) തിരക്കഥാപഠനം

69. 'വിഷാദം പൂക്കുന്ന മരങ്ങൾ' ആരുടെ ആത്മകഥയാണ് ?
A) മാധവിക്കുട്ടി. B) പി. വത്സല
C) ഗ്രേസി D) ലളിതാ ലെനിൻ

70. 'സ്നേഹത്തിന് നഖത്തിന്റേയും പല്ലിന്റേയും മൂർച്ചയുണ്ട്' - എന്ന് ബഷീർ ഏത് നോവലിലാണ് പറഞ്ഞിട്ടുള്ളത്?
A) ബാല്യകാലസഖി B) പാത്തുമ്മയുടെ ആട്
C) മതിലുകൾ D) ശബ്ദങ്ങൾ

71. 'കേരളപേട്രിയറ്റ്' എന്ന ഇംഗ്ലീഷ് പത്രം ആരംഭിച്ചതാര്?
A) കേസരി.എ.ബാലകൃഷ്ണപിള്ള
B) സ്വദേശാഭിമാനി രാമകൃഷ്ണപിള്ള
C) സി.വി.രാമൻപിള്ള
D) ഇ.വി.കൃഷ്ണപിള്ള

72. 'കുടജാദ്രിയുടെ സംഗീതം' എന്ന കൃതിയുടെ കർത്താവ് :
A) രാജൻ കാക്കനാടൻ B) ഡി.ബാബുപോൾ
C) സുജാതാദേവി D) ജോർജ് വർഗ്ഗീസ് കാക്കനാടൻ

73. പ്രാചീനകാലത്ത് മരത്തിൽ കയറുന്നവർ നൽകിയിരുന്ന നികുതി?
A) കടമവരി B) മര വരി C) തളക്കാണം D) തലവരി

74. ചേരും പടി ചേർത്തെഴുതുക.

| | |
|---|---|
| a. പന്ത് | 1.ലളിതാംബികാ അന്തർജനം |
| b. പുരുഷന്മാരില്ലാത്ത ലോകം | 2.സാറാ ജോസഫ് |
| c. കന്യകയുടെ പുല്ലിംഗം | 3.കെ. സരസ്വതിയമ്മ |
| d. ഒരു പൊട്ടിച്ചിരി | 4.ഗ്രേസി |

A) a-4, b-3, c-2, d-1 B) a-4, b-1, c-3, d-2
C) a-4, b-1, c-2, d-3 D) a-3, b-2, c-4, d-1

75. 'പല ഭാഷകളിൽ എഴുതപ്പെടുന്നുവെങ്കിലും ഭാരതീയ സാഹിത്യം ഒന്നാണ്' - ഏത് സ്ഥാപനത്തിന്റെ ആപ്തവാക്യമാണിത്?
A) ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്

B) *കേന്ദ്ര സാഹിത്യ അക്കാദമി*

C) *കേരള സാഹിത്യ അക്കാദമി*

D) *കേരള ഫോക്‌ലോർ അക്കാദമി*

76. *തകഴിയെ ഏറ്റവും കൂടുതൽ സ്വാധീനിച്ച ഫ്രഞ്ച് എഴുത്തുകാരൻ:*

A) *ഹെലീൻ സിക്സസ്* B) *വിക്ടർ യൂഗോ*

C) *ഷാൺ- പോൾ സാർത്ര്* D) *മോപ്പസാങ്*

77. *'എടോ മരണം ഒരു ഫലിതമാണ്. പ്രത്യേകിച്ചും അവനവന്റെ മരണം'- ഏത് നാടകത്തിലെ സംഭാഷണമാണിത് ?*

A) *പാട്ടബാക്കി* B) *സമത്വവാദി*

C) 1128-*ൽ ക്രൈം* 27 D) *സൃഷ്ടി*

78. *ചേരുംപടി ചേർത്തെഴുതുക:*

a.*തൃപ്തിയാകാമനസ്സിന്നൊരു കാലം* 1.*പെരുന്തച്ചൻ*

b.*ത്യാഗമെന്നതേ നേട്ടം താഴ്മതാൻ അഭ്യുന്നതി* 2.*മേഘരൂപൻ*

c.*വാശിയാലടിയെനിക്കേറ്റതുപോലെ തോന്നി* 3.*ജ്ഞാനപ്പാന*

d.*നീ കൃഷ്ണശിലതൻ താളം* 4.*എന്റെ ഗുരുനാഥൻ*

A) a-3, b-4, c-1, d-2 B) a-4, b-3, c-1, d-2

C) a-2, b-1, c-4, d-3 D) a-4, b-1, c-2, d-3

79. *ശ്രീ നാരായണഗുരുവിന്റെ ദാർശനിക കൃതികളിൽ പെടാത്തത് ഏത്?*

A) *ദൈവദശകം* B) *നവമഞ്ജരി*

C) *ദർശനമാല* D) *അദ്വൈത ദീപിക*

80. *'മൃത്യുഞ്ജയം' എന്ന നോവൽ മലയാളത്തിലേക്ക് വിവർത്തനം ചെയ്തത്:*

A) *പി.മാധവൻ പിള്ള* B) *ആനി തയ്യിൽ*

C) *സ്കറിയ സക്കറിയ* D) *ബി.ഉണ്ണികൃഷ്ണൻ*

81. *'ഡിവൈൻ കോമഡി' ഏത് വിഭാഗത്തിൽപ്പെട്ട കൃതിയാണ്?*

A) *മഹാകാവ്യം* B) *നോവൽ*

C) *ഖണ്ഡകാവ്യം* D) *ചരിത്രനോവൽ*

82. *'മലയാളം തമിഴിൽ നിന്ന് വിട്ടു പോന്ന ഒരു ഭാഷയാണ്. ഒരുകാലത്ത് കേരളത്തിൽ സംസാരിച്ചു പോന്ന കൊടുന്തമിഴ് മലയാളമായി പരിണമിച്ചു' -ആരുടെ വാദമാണിത്?*

A) ഏ.ആർ.രാജരാജ വർമ്മ B) സി.എൽ.ആന്റണി
C) കാൽഡ്വൽ D) എം.ശേഷഗിരി പ്രഭു

83. 'ഈനക് ആർഡ്'ന്റെ ഛായ പിടിച്ച് ജി.ശങ്കരക്കുറുപ്പ് രചിച്ച കവിത :
A) ജീവനസംഗീതം B) പൂജാപുഷ്പം
C) മൂന്നരുവിയും ഒരുപുഴയും D) പഥികന്റെ പാട്ട്

84. ആലപ്പുഴയിലെ കയർ തൊഴിലാളികളുടെ കഥ പറയുന്ന കേശവദേവിന്റെ നോവൽ:
A) കയർ B) കണ്ണാടി
C) അയൽക്കാർ D) എനിക്കും ജീവിക്കണം

85. ഐക്യത്രയ സിദ്ധാന്തത്തിന്റെ (Theory of three unitees) ഉപജ്ഞാതാവ്?
A) സോക്രട്ടീസ് B) ആന്റൺ ചെക്കോവ്
C) അരിസ്റ്റോട്ടിൽ D) അരിസ്റ്റോഫനീസ്

86. മലയാളഭാഷയിലെ ആദ്യ അലങ്കാരശാസ്ത്രം?
A) ലീലാതിലകം B) അലങ്കാരമാല
C) കാവ്യാലങ്കാരം D) കാവ്യാദർശം

87. അക്കിത്തത്തിന്റെ കൃതികളുടെ ഗണം?
1. ബലിദർശനം 2. 1963 3. പണ്ടത്തെ മേൽശാന്തി
4. മധുവിധു 5. വജ്രകുണ്ഡലം

A) 1, 3, 4 B) 2, 3, 5 C) 1, 4, 5 D) 3, 4, 5

88. 'കരിഞ്ചന്ത' ആരുടെ നാടകം?
A) വി.ടി.ഭട്ടതിരിപ്പാട് B) എൻ.എൻ.പിള്ള
C) സി.എൽ.ജോസ് D) വയലാ വാസുദേവൻപിള്ള

89. ഉപമകൊണ്ട് അർത്ഥമാക്കുന്നത്:
A) ഉപമാനവും ഉപമേയവും ഒന്നാണെന്ന്
B) ഉപമേയം കൂടുതൽ ശ്രേഷ്ഠമാണെന്ന്
C) ഉപമാനോപമേയങ്ങൾക്ക് വൈസാദൃശ്യമുണ്ടെന്ന്
D) ഉപമാനോപമേയങ്ങൾക്ക് സാദൃശ്യമുണ്ടെന്ന്

90. ചെമ്പുകുടം ചെപ്പുകുടം ആയത്:
A) സന്ധി വികാരം കൊണ്ട്
B) അനുനാസിക സംസർഗ്ഗത്താൽ

C) ഖരാദേശം ചെയ്തു ഇരട്ടിച്ചതിനാൽ

D) ശബ്ദാന്തവർണ്ണത്തെ ഇരട്ടിച്ചതിനാൽ

91. 'വാൻഗോക്കിന്റെ ചെവി' ഏത് വിഭാഗത്തിൽപ്പെടുന്നു?

A) ആക്ഷേപഹാസ്യം B) വിലാപകാവ്യം

C) ഹാസ്യകവിത D) ഖണ്ഡകാവ്യം

92. ചേരുംപടി ചേർത്തെഴുതുക.

| | |
|---|---|
| a. ആടലാർന്നു നീയെന്നിൽ നിന്നെന്തേവ - മോടിമാറുവാൻ ശ്രീപരമേശ്വരാ | 1. കർണ്ണഭൂഷണം |
| b. ഒരുപക്ഷേ ഇതായിരിക്കാം കവിപറഞ്ഞ ആ ക്രൂരകാലം | 2. ഗസൽ |
| c. ഋണധന ഗണിതത്തിന്റെ രസഹീനമാം ദുർന്നാടകം | 3. ബംഗാൾ |
| d. പട്ടടക്കുണ്ടിനു പാഴ്വളമായതു കഷ്ടമേ! മർത്ത്യന്റെ കായംമാത്രം | 4. ഭസ്മാസുരൻ |

A) a-3, b-4, c-1, d-2 B) a-4, b-3, c-2, d-1

C) a-3, b-1, c-2, d-4 D) a-2, b-3, c-1, d-4

93. 'പരദേശി' എന്ന സിനിമയുടെ സംവിധായകൻ :

A) ഭരതൻ B) ലെനിൻ രാജേന്ദ്രൻ

C) ശ്യാമപ്രസാദ് D) പി.ടി.കുഞ്ഞുമുഹമ്മദ്

94. 'സൗപർണ്ണിക' എന്ന നാടകം രചിച്ചതാര്?

A) കെ.ടി.മുഹമ്മദ് B) കാവാലം നാരായണപ്പണിക്കർ

C) കെ.എൻ.ശശിധരൻ D) നരേന്ദ്ര പ്രസാദ്

95. ചാക്യാന്മാരുടെ വേദമെന്നറിയപ്പെട്ടിരുന്ന നാടകം ?

A) സ്വപ്ന വാസവദത്തം B) ആശ്ചര്യ ചൂഡാമണി

C) മൃച്ഛകടികം D) മുദ്രാരാക്ഷസം

96. 'ഊർണനാഭം' എന്ന വാക്കിന്റെ അർത്ഥം?

A) എട്ടുകാലി B) അരണ C) ഓന്ത് D) മുതല

97. സുബ്ബരായപ്പട്ടർ, കൈപ്പാടൻ എന്നീ കഥാപാത്രങ്ങൾ വരുന്ന നോവൽ?

A) കൂമൻകൊല്ലി B) മണ്ണിന്റെ മാറിൽ

C) മാവേലി മൻറം D) കിരാതം

98. സി.എൻ.ശ്രീകണ്ഠൻ നായരുടെ ദുരന്തനാടക സങ്കൽപത്തിൽ കേന്ദ്രബിന്ദുവായി വർത്തിക്കുന്ന ഘടകം ?

A) സംശയം B) കുടുംബവാഴ്ച

C) മരണം D) ശാപം

99. 'കേരളഹൃദയം' എന്നത് ഏതു കൃതിയുടെ വ്യാഖ്യാനമാണ്?

A) മയൂര സന്ദേശം B) മേഘ സന്ദേശം

C) ഉണ്ണുനീലി സന്ദേശം D) ചക്രവാക സന്ദേശം

100. 'സിനിമയുടെ വ്യാകരണം'- ആരുടെ കൃതി?

A) ഡോ.ടി. ജിതേഷ് B) അടൂർ ഗോപാലകൃഷ്ണൻ

C) മങ്കടരവിവർമ്മ D) ടി.പി. ശാസ്തമംഗലം

101. ചേരുംപടി ചേർത്തെഴുതുക.

a. കവിമൃഗാവലി — 1. വെണ്മണി മഹൻ
b. കവിപുഷ്പമാല — 2. വെണ്മണി അച്ഛൻ നമ്പൂതിരിപ്പാട്
c. കവിതാഭരണം — 3. കടത്തനാട്ട് ഉദയവർമ്മത്തമ്പുരാൻ
d. കവിപക്വാവലി — 4. ഒടുവിൽ കുഞ്ഞികൃഷ്ണ മേനോൻ

A) a-4, b-1, c-3, d-2 B) a-1, b-4, c-3, d-2

C) a-4, b-3, c-2, d-1 D) a-1, b-4, c-2, d-3

102. 'ഏഴാം കടലിനക്കരെ, പച്ചക്കുതിര, മിന്നാമിന്നി' എന്നീ ബാലസാഹിത്യ കൃതികളുടെ കർത്താവ്?

A) അക്കിത്തം B) സുമംഗല

C) വൈലോപ്പിള്ളി D) ജി.ശങ്കരക്കുറുപ്പ്

103. 2019-ലെ കേന്ദ്ര സാഹിത്യ അക്കാദമി അവാർഡ് ലഭിച്ച കാവ്യ സമാഹാരം?

A) ഉപ്പന്റെ കൂവൽ വരയ്ക്കുന്നു

B) അച്ഛൻ പിറന്ന വീട്

C) അവൻ ഞാൻ തന്നെയാകുന്നു

D) കാണെക്കാണെ

104. സ്ത്രീകൾ അവതരിപ്പിക്കുന്ന 'കോൽക്കളി' ഏത് പേരിലാണ് അറിയപ്പെടുന്നത്?

A) കോലാട്ടം B) മയിലാട്ടം C) തെയ്യാട്ടം D) തിറയാട്ടം

105. ഫോക്‌ലോർ എന്ന അർത്ഥത്തിൽ 'ഓറൽട്രഡിഷൻ' എന്ന പദം ആദ്യമായി ഉപയോഗിച്ചതാര്?

A) വില്യം ബാസ്കം B) മറിയാ ലിച്ച്

C) അലൻ ഡൻഡിസ് D) ജോൺ ബ്രാൻഡ്

106. സന്താനലാഭാർത്ഥം സ്ത്രീകളെ പുരസ്ക്കരിച്ച് വണ്ണാൻമാർ നടത്തിവരുന്ന ഒരു അനുഷ്ഠാനം :

A) മോക്ഷപ്പാട്ട് B) ചാറ്റുപാട്ട്
C) കുറുന്തിനിപ്പാട്ട് D) കണ്ണേറുപാട്ട്

107. തെറ്റായ പദങ്ങളുടെ ഗണം ഏത്?

1. അഞ്ജനം 2. ഗ്രഹണി 3. അധഃകൃതൻ 4. അനുഗൃഹം 5. ദൈവീകം

A) 1, 3, 5 B) 2, 4, 5 C) 1, 2, 5 D) 2, 3, 4

108. വിലാസിനി വിവർത്തനം ചെയ്ത ലാറ്റിനമേരിക്കൻ നോവൽ:

A) പെഡ്രോ പരാമോ B) ഏകാന്തതയുടെ നൂറുവർഷങ്ങൾ
C) മീഡിയ D) ക്രോധത്തിന്റെ മുന്തിരിപ്പഴങ്ങൾ

109. ചന്തവർണ്ണനയില്ലാത്ത മണിപ്രവാളകാവ്യം?

A) ശുക സന്ദേശം B) വൈശിക തന്ത്രം
C) അനന്തപുര വർണ്ണനം D) ഉണ്ണിയച്ചീ ചരിതം

110. താഴെപ്പറയുന്നവരെ ജെ.സി.ഡാനിയേൽ പുരസ്കാരം ലഭിച്ചവർഷം അനുസരിച്ച് ക്രമപ്പെടുത്തുക.:

1. ആറന്മുളപൊന്നമ്മ 2. ഷീല 3. ശ്രീകുമാരൻതമ്പി
4. കെ.പി.കുമാരൻ 5. ടി.ഇ.വാസുദേവൻ

A) 5,4,2,1,3 B) 5,3,1,2,4 C) 4,3,1,2,5 D) 5,3,2,1,4

111. 'ദോഷങ്ങൾ പലതുണ്ടെങ്കിലും അസാമാന്യമായ മനോധർമ്മവും കവിതാവാസനയുമുള്ള നാടകം' -എന്ന് സി.പി.അച്യുതമേനോൻ വിശേഷിപ്പിച്ച നാടകം?

A) സദാരാമ B) സംഗീതനൈഷധം
C) ഭഗവദ്ദൂത് D) കല്യാണീനാടകം

112. ചേരുംപടി ചേർത്തെഴുതുക:

a. നാടുനാകമാക്കീടുവാൻ വെമ്പും നാഥരേൽപിച്ചൊരീപ്പണി കൊള്ളാം — 1. ഇവനെകൂടി

b. നിർത്തുന്നു ഞാനീത്തൊഴിൽ; മേലിൽവേഷമി- ട്ടെത്തുകയില്ല കളിയരങ്ങത്തു ഞാൻ — 2. മലതുരക്കൽ

c. ഓഹോ! ഓർമ്മകൾ മൂത്തുനരച്ചു
മുതുകിൽ കൂനായ് — 3. കുചേലൻ കുഞ്ഞൻ നായർ

d. പാരുഷ്യം പെരുകുന്നു വാക്കിലും മനസ്സിലും
മാതുലാ പൊറുത്താലും തീർന്നു മാമ്പഴക്കാലം — 4. കടമ്മനിട്ട

A) a-2, b-3, c-4, d-1 B) a-3, b-4, c-1, d-2
C) a-4, b-1, c-3, d-2 D) a-2, b-4, c-1, d-3

113. സാഹിത്യപ്രസ്ഥാനങ്ങളുടെ കാലക്രമനുസരിച്ച് ക്രമപ്പെടുത്തുക?
1. റിയലിസം 2. സ്ട്രക്ചറലിസം 3. റൊമാൻറിസിസം
4. എക്സിസ്റ്റൻഷ്യലിസം 5. ക്ലാസ്സിസിസം

A) 5,3,2,4,1 B) 5,3,1,2,4 C) 3,5,1,2,4 D) 3,2,1,5,4

114. 'ഞെക്കിക്കൊലപ്പെടുത്തും മുമ്പു പത്നിയെ
കെട്ടിപ്പുണരും ദുരന്തപാത്രത്തിന്റെ ചിത്തം' - കവിത ഏത്?
A) മാനസാന്തരം B) എവിടെ ജോൺ
C) ഡ്രാക്കുള D) ഗസൽ

115. പാശ്ചാത്യസാഹിത്യ പ്രസ്ഥാനങ്ങളെ ആദ്യം മലയാളത്തിനു പരിചയപ്പെടുത്തിയ വിമർശകൻ ?
A) എം.കൃഷ്ണൻ നായർ B) കേസരി എ.ബാലകൃഷ്ണ പിള്ള
C) കെ.പി.അപ്പൻ D) ജോസഫ് മുണ്ടശ്ശേരി

116. 'കേരളത്തിലെ കാളീസേവ' എന്ന ഗ്രന്ഥത്തിന്റെ കർത്താവ്?
A) ചേലനാട്ട് അച്യുതമേനോൻ
B) ഡോ.എസ്.കെ.നായർ
C) അപ്പൻ തമ്പുരാൻ
D) ഡോ.എം.ഡി.രാഘവൻ

117. പാല, മുരുക്ക് തുടങ്ങിയ മരങ്ങളുടെ തടിയിൽ കൊത്തിയുണ്ടാക്കിയ പൊയ്മുഖങ്ങൾ
ധരിച്ചു നടത്തുന്ന നൃത്തരൂപം ?
A) പാക്കനാർകളി B) പൂരക്കളി
C) പൊറാട്ടുകളി D) പൂതംകളി

118. 'ധൃതി പിടിച്ചെഴുതുന്ന സാഹിത്യമാണ് ജേർണലിസം' - ആരുടെ വാക്കുകൾ?
A) ഒ.ഹെൻറി B) മാത്യു ആർനോൾഡ്
C) എം.തോമസ് മാത്യു D) ഡോ.എം.എം.ബഷീർ

119. '*കാലം സംഭവങ്ങളുടെ മേൽ ഒരു പക്ഷിയെപ്പോലെ അടയിരിക്കുന്നു*' - *ആരുടെ വാക്കുകൾ*:

A) *ടോൾസ്റ്റോയി*
B) *ബർണാഡ് ഷാ*
C) *ഷേക്സ്പിയർ*
D) *ഗിരീഷ് കർണാഡ്*

120. *കേരള പാണിനീയം രണ്ടാം പതിപ്പിന് അവതാരിക എഴുതിയതാര്?*

A) *കേരള വർമ്മ വലിയ കോയിത്തമ്പുരാൻ*
B) *കെ.സി.കേശവപിള്ള*
C) *കേസരി ബാലകൃഷ്ണപിള്ള*
D) *പി.കെ.നാരായണപിള്ള*